# എറണാകുളത്തിന്റെ കേരളശ്രീ

കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളായ വനിതകൾക്കും ആശ്രിതർക്കും അവരവരുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് സർക്കാർ-അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലായി വിവിധ തൊഴിലുകൾ നേടിക്കൊടുക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന മിഷൻ 2006ൽ തുടക്കമിട്ട പദ്ധതിയാണ് കേരളശ്രീ. കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീയ്ക്ക് ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള ഒരു വഴി കൂടി തുറക്കുകയായിരുന്നു കേരളശ്രീ ആരംഭിക്കുക വഴി ലക്ഷ്യമിട്ടിരുന്നത്.

## ആശയത്തിലേക്ക് എത്തിയ വഴി

വിവിധ സ്ഥാപനങ്ങളിൽ ദിവസ-മാസ വേതന അടിസ്ഥാനത്തിൽ കരാർ ജോലിക്കായി ആളുകളെ എടുക്കുന്ന പതിവുണ്ടെങ്കിലും ഇതേക്കുറിച്ചൊന്നും അറിയാനും ഇങ്ങനെയൊരു അവസരം മുതലെടുക്കാനും അയൽക്കൂട്ട വനിതകൾക്ക് പലപ്പോഴും കഴിയാതെ വരുന്ന അവസ്ഥ. ഇതിനൊരു പരിഹാരമെന്ന നിലയിലാണ് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കേരളശ്രീ യൂണിറ്റുകൾ ആരംഭിക്കുന്നത്. സൂക്ഷ്മ സംരംഭക യൂണിറ്റുകളെന്ന തരത്തിലായിരിക്കും ഇവയുടെ രൂപീകരണമെന്നും തീരുമാനിച്ചു. സതേൺ, സെൻട്രൽ, നോർത്തേൺ റീജിയണുകളായി തിരിച്ച് ഓരോ റീജിയണിനും ഓരോ ഡയറ്കടർമാരെ ചുമതലപ്പെടുത്തി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരമാധികാരിയും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ സതേൺ റീജിയണിന് കീഴിൽ വരുമ്പോൾ കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകൾ സെൻട്രൽ റീജിയണിന് കീഴിലും. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ നോർത്തേൺ റീജിയണിന് കീഴിലും. കേരളശ്രീയുടെ ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും നടപ്പാക്കുന്നതും അതാത് ജില്ലകളിലെ ജില്ലാ മിഷനുകളും. ജില്ലാ മിഷൻ കോർഡിനേറ്റർ ഓരോ ജില്ലയിലെയും കേരളശ്രീ പരമാധികാരിയായും വർത്തിക്കുന്ന രീതിയിലായിരുന്നു കേരളശ്രീയുടെ സംഘടനാ ഘടന. ഇപ്പോൾ എറണാകുളം ജില്ലയിൽ വൈവിധ്യമാ ർന്ന മേഖലകളിലേക്ക് ഇറങ്ങിച്ചെന്ന് മികച്ച പ്രവർത്തനവുമായി കേരളശ്രീ യൂണിറ്റ് മുന്നോട്ടു പോകുന്നു.

**<u>പ്രാരംഭ പ്രവർത്തനങ്ങൾ</u>**

കേരളശ്രീ ഓഫീസ് കാക്കനാട് കളക്ട്രേറ്റിലുള്ള കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ തന്നെ പ്രവർത്തിച്ച് തുടങ്ങാമെന്ന് ആദ്യം തീരുമാനിച്ചു. ജില്ലയിലെ വിവിധ സിഡിഎസുകൾക്ക് കീഴിലുള്ള മൂന്ന് അംഗങ്ങൾ ഉൾപ്പെടുന്ന യൂണിറ്റെന്ന നിലയിലാ യിരുന്നു രൂപീകരണം. ഗ്രൂപ്പ് ലീഡർ, സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങളും ഇവർക്ക് നൽകി.

**<u>തുടക്കം, പ്രവർത്തനരീതി</u>**

2006 ജനുവരി 11ാം തിയതിയാണ് കേരളശ്രീയ്ക്ക് എറണാകുളത്ത് തുടക്കമാകുന്നത്. പ്രൊജക്ട് റിവ്യൂ മീറ്റിങ്, സിഡിഎസ്, എഡിഎസ് മീറ്റിങ്ങുകൾ വഴി കേരളശ്രീ യെക്കുറിച്ചും അതിന്റെ പ്രവർത്തനത്തെക്കുറിച്ചുമുള്ള വിവരങ്ങൾ അയൽക്കൂട്ട തലത്തി ൽ നിരന്തരം എത്തിക്കുന്നു. ഇത് കൂടാതെ റെയിൽവേ പാർക്കിങ്, വിവിധ സ്ഥാപനങ്ങ ളിൽ നിന്ന് ഹൗസ് കീപ്പിങ് അടക്കമുള്ള തൊഴിൽ മേഖലകളിലേക്ക് ആളുകളെ ആവശ്യമുണ്ടെന്ന് ജില്ലാ മിഷനെ അറിയിക്കുന്ന മുറയ്ക്ക് ഈ വിവരവം സിഡിഎസ് വഴി അയൽക്കൂട്ടങ്ങൾക്ക് കൈമാറും. കേരളശ്രീ വഴി ഈ തൊഴിലുകൾ നേടാൻ താത്പര്യമുള്ളവർ അംഗത്വമുള്ള അയൽക്കൂട്ടത്തിൽ നിന്ന് ഔദ്യോഗിക കത്ത് വാങ്ങി സിഡിഎസിൽ സമർപ്പിക്കും. സിഡിഎസ് അതു പരിശോധിച്ച ശേഷം അപേക്ഷയ് ക്കൊപ്പം കത്തും ചേർത്ത് ജില്ലാ മിഷൻ കോർഡിനേറ്റർക്ക് കൈമാറും. ഇങ്ങനെ ലഭിച്ച അപേക്ഷകളെല്ലാം ജില്ലാ മിഷനിൽ നിന്ന് ഒഴിവുകളുള്ള സ്ഥാപനങ്ങളിലേക്ക് കൈമാ റും. പിന്നീട് അതാത് കമ്പനികൾ അവരുടെ പോളിസി അനുസരിച്ച് ഇന്റർവ്യൂവും മറ്റും നടത്തിയോ അല്ലാതെയോ ആളുകളെ ജോലിക്ക് എടുക്കും. ഓരോരുത്തരിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ആയി കേരളശ്രീ 75 രൂപ വീതം ഈടാക്കും. തുടക്ക കാലം ഏറെ ബുദ്ധിമുട്ട് നിറഞ്ഞതായിരുന്നു. സ്വകാര്യ ബാങ്കുകളും ഇൻഷ്വറൻസ് കമ്പനികളും മാത്രമാണ് കേരളശ്രീ വഴി തൊഴിൽ നൽകാൻ തയാറായത്. ഇൻഷ്വറൻസ് പോളിസി വിൽപ്പന, ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനെക്കുറിച്ചും മറ്റ് ബാങ്ക് സേവനങ്ങ ളെക്കുറിച്ചുമുള്ള വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നീ ചുമതലകളായിരുന്നു നിർവ്വഹിക്കേണ്ടിയിരുന്നത്. സ്ഥിരമായ വരുമാനവും നൽകിയിരുന്നില്ല. ക്രമേണ കേരളശ്രീ വഴി ജോലികൾ തേടുന്ന പതിവ് കുറഞ്ഞുവന്നെങ്കിലും ചുരുക്കം ചില പ്രവർത്തനങ്ങളിലൂടെ സ്ഥാപനം പിടിച്ചു നിന്നു. 2013 ഓടെ ഇതിനൊരു മാറ്റം വന്നു.

**മാറ്റം, നിലവിലെ പ്രവർത്തനം**

2006 മുതൽ ആറ് വർഷക്കാലത്തേക്ക് പ്രവർത്തനങ്ങളൊക്കെ ചുരുങ്ങിയ നിലയിൽ മുന്നോട്ടുപോകുകയായിരുന്നു കേരളശ്രീ. 2012 ഓടെ റെയിൽവേ പാർക്കിങ് അടക്കമുള്ള വ്യത്യസ്ത മേഖലകളിലേക്ക് കടക്കുന്നതിന് മുന്നോടിയായി കാക്കനാട് കളക്ടറേറ്റ് വളപ്പിൽ തന്നെ ജില്ലാ ഭരണകൂടത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് കേരളശ്രീ ഓഫീസ് മാറ്റി. അന്ന് മുതൽ 1250 രൂപ വാടക ഇനത്തിലും നൽകി വരുന്നു. യൂണിറ്റിൽ മൂന്ന് അംഗങ്ങൾക്കൊപ്പം രണ്ട് പേർ കൂടി ഇപ്പോഴുണ്ട്. ഇവർ കളക്ഷൻ സ്റ്റാഫായി പ്രവർത്തിക്കുന്നു. ആകെ അഞ്ച് സ്റ്റാഫുകളാണ് കേരളശ്രീയുടെ പ്രവർ ത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. 2013 മുതൽ രജിസ്ട്രേഷൻ ഫീസായി 100 രൂപയാണ് ഈടാക്കുന്നത്. വർഷം തോറും രജിസ്ട്രേഷൻ പുതുക്കണമെന്ന നിബന്ധനയുമുണ്ട്.

റെയിൽവേ പാർക്കിങ്, വെയിറ്റിങ് ഹാൾ മാനേജ്മെന്റ്, ഐആർസിടിസി ഓൺലൈൻ ഫുഡ് ഡെലിവറി, കൂടാതെ വിവിധ സർക്കാർ, അർധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ഹൗസ് കീപ്പിങ് അടക്കമുള്ള തൊഴിൽ മേഖലകളിലെ ഒഴിവുകളി ലേക്ക് കരാർ അടിസ്ഥാനത്തിൽ ജോലിക്കാരെ നൽകൽ, ഒപ്പം റെയിൽവേ ഓൺലൈൻ ടിക്കറ്റ് ബുക്കിങ്ങിനുള്ള സെൻട്രലൈസ്ഡ് ഏജൻസി എന്നിങ്ങനെയുള്ള വൈവിധ്യമാർ ന്ന പ്രവർത്തനങ്ങൾ കേരളശ്രീ ഏറ്റെടുത്ത് നടപ്പാക്കുന്നു.

**1. റെയിൽവേ പാർക്കിങ്**

എറണാകുളം സൗത്ത്, നോർത്ത്, ആലുവ, അങ്കമാലി, തൃപ്പൂണിത്തുറ, കറുകുറ്റി എന്നീ റെയിൽവേ സ്റ്റേഷനുകളിലാണ് ഇപ്പോൾ കേരളശ്രീ വഴി പാർക്കിങ് പ്രവർത്തനങ്ങൾ നടത്തുന്നത്.

**തുടക്കം-** തിരുവനന്തപുരത്ത് ചിറയൻകീഴ് റെയിൽവേ സ്റ്റേഷനിൽ കുടുംബശ്രീ വനിതകൾ പാർക്കിങ് മേഖലയിൽ പ്രവർത്തിച്ച് വിജയം കൈവരിച്ച സാഹചര്യത്തിൽ റെയിൽവേ അധികൃതരുമായി ചർച്ചകൾ നടത്തി എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറയിൽ ആദ്യം റെയിൽവേ പാർക്കിങ് കുടുംബശ്രീ ഏറ്റെടുത്തു. 2014 ജൂലൈ 20നായിരുന്നു ഇത്. പരീക്ഷണാടിസ്ഥാനത്തിൽ ഏറ്റെടുത്ത ഈ സംരംഭം വിജയകരമായതോടെ പിന്നീട് അതേവർഷം 2014 ഒക്ടോബർ അഞ്ചിന് സൗത്ത്, നോർത്ത് സ്റ്റേഷനുകളിലും ഡിസംബറിൽ ആലുവയിലും റെയിൽവേ പാർക്കിങ് കുടുംബശ്രീ ഏറ്റെടുത്തു നടപ്പാ

ക്കി തുടങ്ങി. 2017 ഫെബ്രുവരിയിൽ അങ്കമാലിയിലും ഏറ്റവും ഒടുവിൽ 2017 മേയ് 29ന് കറുകുറ്റിയിലും.

ഓരോ പ്രദേശത്തുമുള്ള അയൽക്കൂട്ടങ്ങളിൽ നിന്നുള്ളവരെയാണ് അതാത് റെയിൽവേ സ്‌റ്റേഷനുകളിൽ പാർക്കിങ്ങ് കൈകാര്യം ചെയ്യുന്നതിനായി തെരഞ്ഞെടുക്കുന്നത്. അയൽക്കൂട്ടങ്ങളിലേക്ക് സിഡിഎസ് വഴി വിവരം അറിയിക്കും. അതിന് ശേഷം ജില്ലാ മിഷനിലേക്ക് ലഭിക്കുന്ന അപേക്ഷയിൽ നിന്നാണ് ആളുകളെ തെരഞ്ഞെടുക്കുന്നത്. ഇപ്പോൾ സൗത്ത് റെയിൽവേ സ്‌റ്റേഷനിൽ 14 പേരും നോർത്ത് റെയിൽവേ സ്‌റ്റേഷനിൽ പത്ത് പേരും ആലുവയിൽ 12, തൃപ്പൂണിത്തുറയിൽ നാല്, അങ്കമാലിയിലും കറുകുറ്റി യിലും രണ്ട് പേർ വീതവുമാണ് പാർക്കിങ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത്.

രണ്ട് ഷിഫ്ടുകളിലായാണ് ഇവർ പ്രവർത്തിക്കുന്നത്. രാവിലെ എട്ട് മുതൽ രാത്രി എട്ട് വരെ ആദ്യ ഷിഫ്ട്. രാത്രി എട്ട് മുതൽ പുലർച്ചെ എട്ട് വരെ രണ്ടാമത്തെ ഷിഫ്ട്. ഒരു ഷിഫ്ടിന് 400 രൂപയാണ് പ്രതിഫലമായി നൽകുന്നത്. ഓരോ ഷിഫ്ടിനും ഓരോ സൂപ്പർവൈസറും കളക്ഷൻ സ്റ്റാഫും ഉണ്ടാകും. ഓരോരുത്തരുടെയും അറ്റൻഡൻസും രജിസ്ട്രറിൽ രേഖപ്പെടുത്തും. ഇതനുസരിച്ച് മാസാവസാനം തുക നൽകും.

തുടക്കത്തിൽ 50 ശതമാനം വീതം വരുമാനം കുടുംബശ്രീയും റെയിൽവേയും പങ്കിട്ടെടുക്കുകയായിരുന്നു പതിവ്. 2016 ജനുവരി എട്ട് മുതൽ 40 ശതമാനം കുടുംബശ്രീയ്ക്കും 60 ശതമാനം റെയിൽവേയ്ക്കും എന്ന നിലയിൽ വരുമാനം വീതം വച്ചു തുടങ്ങി. ഈ ലഭിക്കുന്ന തുകയിൽ നിന്നാണ് പാർക്കിങ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ശമ്പളം, അവർക്കുള്ള വെള്ളം, ബില്ലിങ് മെഷീൻ സർവീസ്, മറ്റ് സ്റ്റേഷനറി ചെലവുകൾ എന്നിവയെല്ലാം നൽകുന്നത്. എല്ലാ മാസവും റെയിൽവേയുടെ റിവ്യൂവും ഉണ്ടാകും. അറ്റൻഡൻസ് അനുസരിച്ച് വൗച്ചർ എഴുതി റെയിൽവേയ്ക്ക് നൽകും. പരിശോധനയ്ക്ക് ശേഷം അതനുസരിച്ച് ഓരോ സ്‌റ്റേഷനുകളിൽ നിന്നുമുള്ള വരുമാനം കേരളശ്രീയുടെ അക്കൗണ്ടിലേക്ക് എത്തും. ഇതിൽ നിന്ന് ഓരോരുത്തരുടെയും അറ്റൻഡൻസ് അനുസരിച്ച് കേരളശ്രീയിൽ നിന്ന് ശമ്പളം നൽകും.

പാർക്കിങ് നിരക്ക്

| സമയം | ടൂവീലർ | ത്രീവീലർ- കാർ | ബസ്- മിനി ബസ് |
|---|---|---|---|
| 0-2 മണിക്കൂർ | 5 രൂപ | 25 രൂപ | 120 രൂപ |
| 2-8 മണിക്കൂർ | 15 രൂപ | 40 രൂപ | 250 രൂപ |
| 8-24 മണിക്കൂർ | 20 രൂപ | 60 രൂപ | 360 രൂപ |
| 24-48 മണിക്കൂർ | 50 രൂപ | 150 രൂപ | 800 രൂപ |
| 48-72 മണിക്കൂർ | 100 രൂപ | 250 രൂപ | 1200 രൂപ |

സ്ഥിരം പാർക്കിങ് വേണ്ട ടൂവീലറുകൾക്ക് ഒരു മാസത്തേക്ക് 360 രൂപ നിരക്കിൽ പാസും നൽകുന്നു.

**ഡിസംബർ മാസത്തിലെ റെയിൽവേ പാർക്കിങ് വരവും ചെലവും**

| സ്റ്റേഷൻ | വരവ് | ചെലവ് |
|---|---|---|
| സൗത്ത് | 243504 | 164093 |
| നോർത്ത് | 146625 | 99777 |
| ആലുവ | 226026 | 160179 |
| ത്രിപ്പൂണിത്തുറ | 66767 | 49840 |
| കറുകുറ്റി | 8451 | 20132 |
| അങ്കമാലി | 21645 | 24350 |

**പ്രീമിയം പാർക്കിങ്**

ലൈൻ വരച്ച് നിശ്ചിത പരിധിക്കുള്ളിൽ വണ്ടികൾ പാർക്ക് ചെയ്യാനുള്ള സൗകര്യമാണ് പ്രീമിയം പാർക്കിങ്ങിലുള്ളത്. മറ്റൊരു പ്രശ്നവുമില്ലാതെ എപ്പോൾ വേണമെങ്കിലും വണ്ടി എടുത്തു കൊണ്ട് പോകാനും കൊണ്ടുവന്ന് ഇടാനും സൗകര്യ മുണ്ട്. റെയിൽ വേയുടെ നിർദ്ദേശ പ്രകാരം സൗത്ത് റെയിൽവേ സ്റ്റേഷനിലും ആലുവ റെയിൽവേ സ്റ്റേഷനിലും പ്രീമിയം പാർക്കിങ് സൗകര്യവും ഇപ്പോൾ കുടുംബശ്രീ ഏർപ്പെടുത്തി യിട്ടുണ്ട്. 2016 ജനുവരി മുതലാണ് സൗത്ത് റെയിൽവേ സ്റ്റേഷനിൽ പ്രീമിയം പാർക്കിങ് സൗകര്യം തുടങ്ങിയത്. അതേവർഷം തന്നെ ആലുവയിലും സേവനം നൽകി തുടങ്ങി. സൗത്ത് റെയിൽവേ സ്റ്റേഷൻ പ്രീമിയം പാർക്കിങ്ങിൽ ഒരു സമയം 70 വണ്ടികളോളം പാർക്ക് ചെയ്യാനാകും. 24 മണിക്കൂറിൽ കൂടുതൽ പാർക്ക് ചെയ്യാനാകില്ല.

പ്രീമിയം പാർക്കിങ് നിരക്ക്

| 0–2 മണിക്കൂർ | 2–8 മണിക്കൂർ | 8–24 മണിക്കൂർ |
|---|---|---|
| 40 | 60 | 100 |

## 2. എസി വെയിറ്റിങ് ഹാൾ

റെയിൽവേയുമായി ബന്ധപ്പെട്ട് കേരളശ്രീ വഴി കുടുംബശ്രീ നൽകി വരുന്ന മറ്റൊരു സേവനമാണ് എസി വെയിറ്റിങ് ഹാൾ. റെയിൽവേ മുന്നോട്ടു വച്ച നിർദ്ദേശം അനുസരിച്ച് 2016 ഏപ്രിലിൽ സൗത്ത് റെയിൽവേ സ്റ്റേഷനിലാണ് ആദ്യ എസി വെയിറ്റിങ് ഹാൾ ആരംഭിച്ചത്. ഒരു മുറി സ്റ്റേഷനിൽ അനുവദിച്ച് നൽകുക മാത്രമാണ് റെയിൽവേ ചെയ്തത്. അതിനുള്ളിൽ ഫർണിച്ചറുകളും എസിയും അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയത് കുടുംബശ്രീയാണ്. സൗത്തിലെ ഹാളിനായി എട്ട് ലക്ഷത്തോളം രൂപ ചെലവായി. കുടുംബശ്രീയിൽ നിന്ന് ലഭിച്ച ക്രൈസിസ് ഫണ്ടും പാർക്കിങ് വഴി ലഭിച്ച നീക്കിയിരിപ്പും ചേർത്താണ് ഈ തുക കണ്ടെത്തിയത്. ഇതിൽ ക്രൈസിസ് ഫണ്ട് ആറ് മാസം കൊണ്ട് അടച്ചുതീർക്കാൻ കഴിഞ്ഞു. നോർത്ത് റെയിൽവേ സ്റ്റേഷനിൽ 9 ലക്ഷത്തോളമാണ് സൗകര്യം ഒരുക്കാൻ ചെലവായത്. വായിക്കാൻ മാഗസിൻ, കുടിക്കാൻ വെള്ളം, പ്രിന്റ് ഔട്ട് എടുക്കാൻ സൗകര്യം എന്നീ സേവനങ്ങളും നൽകുന്നു.

തുടക്കത്തിൽ ഇവിടെ നിന്നുള്ള വരുമാനത്തിന്റെ 20 ശതമാനം മാത്രമായിരുന്നു കുടുംബശ്രീയ്ക്ക് ലഭിച്ചിരുന്നത്. പിന്നീട് 40 ശതമാനം വീതം ലഭിച്ചു തുടങ്ങി. ഇപ്പോൾ 50 ശതമാനം വീതം വരുമാനം റെയിൽവേയും കുടുംബശ്രീയും പങ്കിട്ടെടുക്കുന്നു. ഓരോ മാസവും ലഭിക്കുന്ന വരുമാനത്തിന്റെ 2 ശതമാനം സർവീസ് ചാർജ്ജായി കേരള ശ്രീയ്ക്കും റെയിൽവേ നൽകുന്നു. രണ്ട് വെയിറ്റിങ് ഹാളുകളും തയാറാക്കുന്ന തിന് ചെലവായ തുക തിരികെ കിട്ടിക്കഴിഞ്ഞു. ക്രൈസിസ് ഫണ്ട് തിരിച്ചടച്ചു കഴിഞ്ഞു. ഇപ്പോൾ ലാഭത്തിലാണ് ഇരു വിശ്രമമുറികളും പ്രവർത്തിക്കുന്നത്. 1 മണിക്കൂ ർ എസി വെയിറ്റിങ് ഹാൾ സേവനം തേടുന്നതിന് 25 രൂപയാണ് യാത്രക്കാരിൽ നിന്ന് ഈടാക്കു ന്നത്. 2017 മേയ് 29 മുതൽ 3 വർഷത്തേക്ക് റെയിൽവേയും കുടുംബശ്രീയും തമ്മിൽ വെയിറ്റിങ് ഹാൾ പ്രവർത്തനത്തിനായി കരാറിലെത്തിയിട്ടുണ്ട്.

മൂന്ന് റിസപ്ഷനിസ്റ്റും മൂന്ന് ക്ലീനിങ് സ്റ്റാഫുകളുമാണ് വിശ്രമ കേന്ദ്രങ്ങളിലുമായി ഇവിടെ ജോലി ചെയ്യുന്നത്. 12 മണിക്കൂറാണ് ഒരു ഷിഫ്ട്. രാവിലെ എട്ട് മുതൽ രാത്രി എട്ട് വരെയും രാത്രി എട്ട് മുതൽ പിറ്റേന്ന് രാവിലെ എട്ട് വരെയും. ഒരു ഷിഫ്ടിന് 500 രൂപയാണ് പ്രതിഫലമായി നൽകുന്നത്. ഇവരുടെ അറ്റൻഡസ് രേഖപ്പെടുത്തി, അതനു സരിച്ച് മാസം തോറും തുക കേരളശ്രീ അക്കൗണ്ടിലേക്ക് റെയിൽവേ ട്രാൻസ്ഫർ ചെയ്ത് നൽകും. കേരളശ്രീയിൽ നിന്നാണ് ശമ്പളം നൽകുന്നത്.

## 3. ഓൺലൈൻ ടിക്കറ്റ് റിസർവേഷൻ

**ആശയം വന്ന വഴി:** 2013 മാർച്ചിലാണ് ഇന്ത്യൻ റെയിൽവേയുടെ അംഗീകൃത ഓൺ ലൈൻ ടിക്കറ്റ് റിസർവേഷൻ ഏജൻസിയായി കേരളശ്രീ പ്രവർത്തിച്ചു തുടങ്ങിയ ത്. റ യിൽവേ തയാറാക്കിയ നൽകിയ പ്രത്യേക യൂസർ അക്കൗണ്ട് വഴിയാണ് ടിക്കറ്റ് ബുക്ക് ചെയ്യുന്നത്. തുടക്കത്തിൽ എത്ര തുകയ്ക്ക് ടിക്കറ്റ് ബുക്ക് ചെയ്യുന്നോ അതിന്റെ 2 ശത മാനം തുക കമ്മീഷൻ എന്ന നിരക്കിലായിരുന്നു കേരളശ്രീയ്ക്ക് റെയിൽവേ പ്രതിഫലം നൽകി വന്നിരുന്നത്. ക്യാൻസൽ ചെയ്യുന്ന ടിക്കറ്റുകൾക്ക് കമ്മീഷനുണ്ടാ യിരുന്നതു മില്ല. ഇത് കേരളശ്രീയ്ക്ക് ഏറെ നഷ്ടമുണ്ടാക്കി. ടിക്കറ്റിന്2015 മാർച്ച് മുതൽ ആ സാഹ ചര്യത്തിന് മാറ്റം വന്നു. ബുക്ക് ചെയ്യുന്ന ടിക്കറ്റ് ഒന്നിന് 15 രൂപ ലഭിക്കും. ടിക്കറ്റ് ക്യാൻ സൽ ചെയ്താലും ടിക്കറ്റ് ഒന്നിന് പത്ത് രൂപ ലഭിക്കും. ഒരു മാസം ഏജൻസി വഴി എത്ര ടിക്കറ്റ് ബുക്ക് ചെയ്തോ അത് അനുസരിച്ചുള്ള തുക മാസവസാനം കേരളശ്രീ

യുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഐആർസിടിസി ട്രാൻസ്ഫർ ചെയ്ത് നൽകും.

ഇൻഫോ പാർക്കിൽ ജോലി ചെയ്യുന്നവരും ഇതര സംസ്ഥാന തൊഴിലാളികളുമാണ് ഈ സേവനം കൂടുതലായും കേരളശ്രീയിൽ നിന്ന് ഉപയോഗപ്പെടുത്തുന്നത്. പെരുമ്പാവൂർ, അങ്കമാലി പോലുള്ള സ്ഥലങ്ങളിൽ നിന്ന് വരെ സ്ഥിരമായി ഇതരസംസ്ഥാന തൊഴിലാളികൾ ടിക്കറ്റ് റിസർവേഷൻ സൗകര്യം തേടി സ്ഥിരമായി കേരളശ്രീയിലെത്തുന്നു. ഒരു ദിവസം ശരാശരി 45 ടിക്കറ്റുകൾ കേരളശ്രീ വഴി ബുക്ക് ചെയ്യുന്നു.

## 4. <u>ഐആർസിടിസി ഓൺലൈൻ ഫുഡ്</u>

എറണാകുളം നോർത്ത്, സൗത്ത് റെയിൽവേ സ്റ്റേഷനുകളിൽ ഐആർസിടിസി മൊബൈൽ ആപ്ലിക്കേഷൻ വഴി കഫേ കുടുംബശ്രീ യാത്രക്കാർക്ക് ഭക്ഷണം എത്തിച്ചു നൽകുന്നു. ഇതിന്റെ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത് കേരളശ്രീയാണ്. 2015 ജൂലൈ മുതലാണ് ഈ മേഖലയിലേക്ക് കേരളശ്രീ കടന്നുവരുന്നത്. പൊന്നുരുന്നിയിലുള്ള കഫേ കുടുംബശ്രീ യൂണിറ്റ് വഴിയാണ് കേരളശ്രീ ഓഡർ പൂർത്തിയാക്കുന്നത്. സൗത്ത്- നോർത്ത് റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ എത്തുന്നതിന് 30 മിനിറ്റ് മുമ്പ് വരെ ഓഡർ സ്വീകരിക്കും. ഓഡർ വിവരങ്ങൾ കേരളശ്രീ ഉടമസ്ഥതയിലുള്ള മൊബൈൽ നമ്പരിലേക്ക് മെസേജ് ആയി എത്തും. വെയിറ്റിങ് ഹാളിൽ നിയമിച്ചിട്ടുള്ള കളക്ഷൻ സ്റ്റാഫ് (കുടുംബശ്രീ അംഗത്തിന്റെ മകൻ) ഈ വരുന്ന മെസേജ് അനുസരിച്ച് പൊന്നുരുന്നിയിലുള്ള കഫേയിൽ നിന്ന് ഭക്ഷണം അതാത് സ്റ്റേഷനുകളിൽ യാത്രക്കാരിലേക്ക് എത്തിക്കും. മാസാവസാനം ആകെ ലഭിച്ച ഓഡർ തുകയും നിശ്ചിത കമ്മീഷനും ചേർത്ത് ഐആർസിടിസി കേരളശ്രീ അക്കൗണ്ടിലേക്ക് നൽകും. നിലവിൽ ലാഭകരമല്ലെങ്കിലും ഭാവിയിൽ ഈ സേവനം വിജയകരമാകുമെന്നാണ് കേരളശ്രീ പ്രതീക്ഷിക്കുന്നത്.

## <u>ഭാവി</u>

പാർക്കിങ് ഏരിയയിൽ വണ്ടികൾ കഴുകി നൽകുന്ന സേവനം ആരംഭിക്കുകയെന്ന ലക്ഷ്യമാണ് ഇപ്പോൾ കേരളശ്രീയ്ക്കുള്ളത്.

## 5. <u>ഹൗസ് കീപ്പിങ്</u>

2013 മുതൽ ഹൗസ് കീപ്പിങ് പോലുള്ള സേവന സൗകര്യങ്ങൾ വിവിധ സർക്കാർ, അർധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ കേരളശ്രീ നൽകി വരുന്നു. ജില്ലാ മിഷനുകളെ ഈ സ്ഥാപനങ്ങൾ സമീപിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ക്വൊട്ടേഷൻ നൽകിയാണ് കരാർ നേടിയെടുക്കുന്നത്. രജിസ്ട്രർ ചെയ്തിരിക്കുന്നവരിൽ നിന്നാണ് ഡിടിപിസി, റിസർവ് ബാങ്ക്, സ്പൈസസ് ബോർഡ്, എംപിഇഡിഎ (മറൈൻ പ്രൊഡക്ടുക്സ് എക്സ്പോർട്ട് ഡെവലപ്പ്മെന്റ് അതോറിറ്റി), തുടങ്ങിയ വിവിധ സ്ഥാപനങ്ങളിലേക്ക് ആളുകളെ കേരളശ്രീ വഴി ജോലിക്ക് നൽകുന്നത്.

### <u>പ്രവർത്തനരീതി</u>

ഹൗസ് കീപ്പിങ്ങിനും മറ്റുമായി ഒഴിവുകളുണ്ടെന്ന വിവരം വിവിധ സ്ഥാപനങ്ങൾ ജില്ലാ മിഷനെ അറിയിക്കും. പിന്നീട് കേരളശ്രീ മുഖേന സ്ഥാപനങ്ങൾക്ക് കൊട്ടേഷൻ നൽകിയാണ് ഇതിനായുള്ള കരാർ സ്വന്തമാക്കുന്നത്. ഇവിടേക്കുള്ളവരെ രജിസ്ട്രർ ചെയ്തിരിക്കുന്നവരിൽ നിന്ന് സ്ഥാപനപരിധിയിൽ നിന്ന് താത്പര്യമുള്ളവരെ തെരഞ്ഞെടുക്കും. കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കുകയെന്നതാണ് ലക്ഷ്യമെന്നതിനാൽ തന്നെ ലാഭം പരമാവധി കുറച്ചാണ് കൊട്ടേഷൻ നൽകുന്നത്. അതിനാൽ തന്നെ മറ്റ് ഏജൻസികളെ അപേക്ഷിച്ച് നോക്കുമ്പോൾ കുടുംബശ്രീയ്ക്ക് കൊട്ടേഷൻ ലഭിക്കാൻ സാധ്യത കൂടുന്നു. ഒരു നിശ്ചിത തുക മാസശമ്പളമായി ഒരാൾക്ക് കണക്കാക്കി മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെയാണ് കൊട്ടേഷൻ നൽകുന്നത്. കുറഞ്ഞത് ഒരു വർഷത്തേക്കാകും കരാർ. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുമായി മൂന്ന് വർഷത്തേക്കാണ് കുടുംബശ്രീ കരാറിലേർപ്പെട്ടിരിക്കുന്നത്.

ഡിടിപിസിയിൽ 2013 മുതൽ കേരളശ്രീ മുഖേന ഹൗസ് കീപ്പിങ്ങിൽ 26 പേർ ജോലി ചെയ്തു വരുന്നു. എംപിഇഡിഎയിൽ 2015 മുതൽ ഏഴ് പേർ, സ്പൈസസ് ബോർഡിൽ 2015 മുതൽ 13 പേർ, 2017 മുതൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഏഴ് പേർ എന്നിങ്ങനെയാണ് കേരളശ്രീ വഴി ഹൗസ് കീപ്പിങ് മേഖലയിൽ ജോലി ചെയ്യുന്നത്. ഇത്രയും ഒഴിവുകളിൽ ആളുകൾ സ്ഥിരമായി ഹൗസ് കീപ്പിങ്ങിന് എത്തണമെന്നത് മാത്രമാണ് സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന നിബന്ധന. മഹാരാജാസ് കോളേജ്, ലോ കോളേജ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിലും കേരളശ്രീ വഴി ഹൗസ് കീപ്പിങ് ജോലികൾ ചെയ്യുന്നു. 2016 മുതൽ കൊച്ചിൻ ഷിപ്പ് യാർഡിൽ 35 പേർ കേരളശ്രീ വഴി ഹൗസ് കീപ്പിങ് ജോലി ചെയ്യുന്നു. എന്നാൽ ഇവിടെ യൂണിയൻ പ്രവർത്ത

നമുള്ളതിനാൽ തന്നെ കരാർ പൂർത്തിയാകുന്നത് വരെ സ്ഥിരമായി ഒരേ ആൾ ക്കാർ തന്നെയാകണം ജോലിക്കെത്തേണ്ടതെന്ന നിബന്ധനയുണ്ട്. അറ്റൻഡൻസ് അനുസരി ച്ച് ജില്ലാ മിഷൻ കോർഡിനേറ്റർ വൗച്ചർ ഒപ്പിട്ടു നൽകും. അത് ഓരോ സ്ഥാപന ങ്ങളും പരിശോധിച്ച ശേഷം തുക കേരളശ്രീയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകും. പിന്നീട് ഓരോരുത്തർക്കും കേരളശ്രീയിൽ നിന്ന് തുക നൽകും. കേരള ബുക് സ് ആൻഡ് പബ്ലിഷിങ് ഹൗസിൽ ജനറൽ വർക്കിന് 230 പേർ കേരളശ്രീ വഴി തൊഴിൽ ചെയ്യുന്നു. 2013 മുതലാണ് കെബിപിഎസുമായി കരാറിലെത്തിയത്.

## കേരളശ്രീ പ്രവർത്തന ചെലവും വരവും

തുടക്കത്തിൽ കേരളശ്രീ യൂണിറ്റ് അംഗങ്ങൾക്ക് 3000 രൂപ മാത്രമായിരുന്നു പ്രതിഫ ലമായി ലഭിച്ചിരുന്നത്. എന്നാൽ ഇപ്പോൾ മാസം ലഭിക്കുന്ന ആകെ വരുമാ നത്തിൽ നിന്ന് 12000 രൂപ വരെ പ്രതിഫലം ഇവർക്ക് കിട്ടുന്നു. ഓരോരുത്തരുടെയും സ്ഥാനം അനുസരിച്ച് ശമ്പളത്തിൽ ഏറ്റക്കുറച്ചിലുകളുണ്ട്. ശമ്പളം, കെട്ടിട വാടക, വാട്ടർ കണക്ഷൻ, ഫോൺ- ഇന്റർനെറ്റ് കണക്ഷൻ എന്നിങ്ങനെയുള്ള ചെലവു കളെല്ലാം ഈ ലഭിക്കുന്ന തുകയിൽ നിന്നാണ് കേരളശ്രീ കണ്ടെത്തുന്നത്. മാസം തോ റും കുറച്ചു തുക വിവിധ പ്രവർത്തനങ്ങൾ മുന്നിൽ കണ്ട് മാറ്റി വയ്ക്കുന്നു. ഇപ്പോൾ കേരളശ്രീ വഴി കുറഞ്ഞത് ഒരു വർഷ കരാറിൽ 600 പേർ വിവിധ തൊഴിലുകൾ ചെയ്തുവരുന്നു.